# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

### നക്ഷത്രചിഹ്നമിട്ട നിയമസഭ ചോദ്യം നം. 359 – 15/03/2018 -ലെ മറുപടിക്ക്

### സാമ്പത്തിക വളർച്ചാ നിരക്ക് കുറയാനിടയായ സാഹചര്യങ്ങൾ


ചോദ്യം

ശ്രീ. പി. കെ. അബ്ദു റബ്ബ്
ശ്രീ. മഞ്ഞളാംകുഴി അലി
ശ്രീ. കെ.എം.ഷാജി
ശ്രീ. പി.ബി. അബ്ദുൽ റസ്സാക്ക്

ഉത്തരം

ഡോ. ടി. എം. തോമസ് ഐസക്
(ധനകാര്യവും കയറും വകുപ്പമന്ത്രി)


| ചോദ്യം | | ഉത്തരം |
|---|---|---|
| എ | 2016-17 ൽ സംസ്ഥാനത്തിന്റെ പ്രതീക്ഷിത വളർച്ചാ നിരക്ക് എത്രയായിരുന്നു; ഇതിൽ എത്ര ശതമാനം വളർച്ചാ നിരക്കാണ് കൈവരിക്കാൻ കഴിഞ്ഞിട്ടുള്ളത്; | 2017 ലെ സാമ്പത്തിക അവലോകന റിപ്പോർട്ട് പ്രകാരം സംസ്ഥാനത്തിന്റെ പ്രതീക്ഷിത വളർച്ചാ നിരക്ക് (ക്വിക്ക് എസ്റ്റിമേറ്റ് പ്രകാരം) 2016-17 ൽ 7.41 (Constant Price) ശതമാനമാണ്. എന്നാൽ വളർച്ചാ നിരക്ക് സംബന്ധിച്ചുള്ള അന്തിമ കണക്ക് ലഭ്യമായിട്ടില്ല. |
| ബി | സാമ്പത്തിക വളർച്ചാ നിരക്ക് കുറയാനിടയായ സാഹചര്യങ്ങളെന്തെന്നാണ് വിലയിരുത്തിയിട്ടുള്ളത്; ബജറ്റിന് പുറത്തുള്ള വിഭവസമാഹരണം പരാജയപ്പെട്ടതാണ് സാമ്പത്തിക വളർച്ചാനിരക്ക് കുറയാനിടയായതെന്ന് കരുതുന്നുണ്ടോ; | നോട്ട് നിരോധനത്തിന്റെ പ്രത്യാഘാതവും നാണ്യവിളകളുടെ വിലയിടിവും ബാങ്ക് വായ്പാ വളർച്ചയിലുണ്ടായ കുറവും സാമ്പത്തിക വളർച്ചയുടെ പുരോഗതിയെ പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. കിഫ്ബി വഴിയുള്ള പദ്ധതി നിർവ്വഹണം നിശ്ചയിച്ച പ്രകാരം പുരോഗമിക്കുകയാണ്. പദ്ധതികൾ പൂർത്തിയായതിനു ശേഷം മാത്രമേ ബജറ്റിന് പുറത്തുള്ള വിഭവസമാഹരണവുമായി ബന്ധപ്പെടുത്തി സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ച വിലയിരുത്താൻ സാധിക്കുകയുള്ളൂ. |
| സി | കിഫ്ബി വഴി സ്വരൂപിക്കുമെന്ന് പ്രതീക്ഷിക്കപ്പെട്ട തുക സ്വരൂപിക്കാൻ കഴിയാത്തത് സാമ്പത്തിക വളർച്ചയെ ഏത് രീതിയിൽ ബാധിച്ചിട്ടുണ്ട്; വിശദമാക്കുമോ? | 2016-17 ലെ പുതുക്കിയ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് മുൻ വർഷങ്ങളിലെ മോട്ടോർ വാഹന നികുതി, പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള സെസ്സ് എന്നീ ഇനത്തിൽ ആകെ 1772.17 കോടി രൂപ കിഫ്ബി നിധിയിലേക്ക് വകകൊള്ളിച്ചിട്ടുണ്ട്. ഇതിനു പുറമെ, 5475-00-800-92- |

| | | |
|---|---|---|
| | | ഡെവലപ്മെന്റ് ഓഫ് മേജർ ഇൻഫ്രാസ്ട്രക്ചറൽ പ്രോജക്ട്സ് എന്ന ശീർഷകത്തിൽ ബാക്കി വന്ന തുകയിൽ നിന്നും ആകെ 2498.42 കോടി രൂപ പൊതു സാമ്പത്തിക വിപണിയിൽ നിന്നും നിക്ഷേപമാകർഷിക്കുന്നതിനുള്ള സീഡ് ക്യാപ്പിറ്റലായി കിഫ്ബിക്ക് സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. നബാർഡിന്റെ NIDA (NABARD Infrastructure Development Assistance) പദ്ധതിയിലൂടെ 565 കോടി രൂപ വായ്പ അനുവദിക്കുകയും 100.80 കോടി രൂപ കിഫ്ബി നിധിയിലേക്ക് വകകൊള്ളിക്കുകയും ചെയ്തിട്ടുണ്ട്. 2016-17 മുതൽ 2020-21 വരെയുള്ള കാലയളവിൽ 50,000 കോടി രൂപയുടെ കിഫ്ബി പദ്ധതികൾ നടപ്പിലാക്കുന്നതിന് സംസ്ഥാന സർക്കാർ ലക്ഷ്യമിട്ടിട്ടുണ്ട്. നാളിതുവരെ കൂടിയ കിഫ്ബോർഡ് യോഗങ്ങൾ 19938 കോടി രൂപ അടങ്കലുള്ള പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. പദ്ധതി നിർവഹണം പുരോഗമിക്കുന്നതനുസരിച്ച് മാത്രമേ ആവശ്യമായ തുക കിഫ്ബി സമാഹരിക്കുകയുള്ളൂ. പദ്ധതി നിർവ്വഹണം നിശ്ചയിച്ച പ്രകാരം തന്നെ പുരോഗമിക്കുന്നുണ്ട്. കിഫ്ബി വഴിയുള്ള പദ്ധതികൾ പൂർത്തിയാകുമ്പോൾ അവ സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചയിൽ നിർണ്ണായക സ്വാധീനം ചെലുത്തും. |

സെക്ഷൻ ഓഫീസർ